(എഫ്) ആരോഗ്യവകുപ്പിൽ മാത്രമാണ് ഇത്തരം നിരോധനം നടപ്പാക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഈ നടപടി പുനഃപരിശോധിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ പാരാ മെഡിക്കൽ വിഭാഗങ്ങളിലെ ജീവനക്കാർ എന്നിവർക്ക് ശൂന്യവേതന അവധി എടുക്കുന്നതിന് നിയന്ത്രണം ഉണ്ട്.

(ബി) ദുർബല വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാർക്ക് ശൂന്യ വേതനാവധി അനുവദിക്കാറില്ല.

(സി) ഉണ്ട്.

(ഡി) നേഴ്സിംഗ് വിഭാഗത്തിന് ഒഴികെയുള്ള ജീവനക്കാർക്ക് ശൂന്യവേതന അവധി അനുവദിക്കുന്നതിന് കുറഞ്ഞത് മൂന്നു വർഷം സർവ്വീസും നഴ്സിംഗ് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് പരിശീലനകാലം വിജയകരമായി പൂർത്തിയാക്കുന്നത് ഉൾപ്പെടെ രണ്ടു വർഷം സർവ്വീസും ഉണ്ടായിരിക്കേണ്ടതാണ്.

(ഇ) ഡോക്ടർമാരുടെയും മറ്റ് അത്യാവശ്യ വിഭാഗം ജീവനക്കാരുടെയും സേവനം എല്ലാ ആശുപത്രികളിലും ലഭ്യമാക്കാൻ ഈ നിബന്ധനകൾ വളരെ സഹായിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി ആന്റ് എച്ച്) പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടാകുകയും മറ്റ് തരത്തിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് സാഹചര്യം നിലനില്കുകയും ചെയ്യുന്നുണ്ടെങ്കിൽ ശൂന്യവേതനാവധി അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണങ്ങൾ ഒഴിവാക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

സ്പെഷ്യൽ റൂളിന് വിരുദ്ധമായ പ്രൊമോഷൻ നടപടി

169 [1645] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഡിപ്പാർട്ട്മെന്റിന്റെ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിന് കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി പ്രമോട്ടു ചെയ്തത് കാരണം സർക്കാരിന് എത്ര ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ആഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിരിക്കുന്ന വസ്തുത എന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) അന്യായമായ പ്രമോഷൻ നടത്തി സർക്കാരിന് നഷ്ടം വരുത്തി വച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ആഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ വിവിധ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് അറ്റൻഡർമാരുടെ അഭാവത്താൽ ബുദ്ധിമുട്ട് നേരിട്ട പ്രത്യേക സാഹചര്യത്തിൽ ആണ് കെ.എസ്. ആന്റ് എസ്.എസ്.ആർ. 9 (എ)(1), റൂൾ 31 (എ) (1) എന്നിവ പ്രകാരം നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദിഷ്ട സേവന കാലം പൂർത്തിയാക്കാത്ത 11 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അറ്റൻഡർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയതും ലാസ്റ്റ് ഗ്രേഡിൽ ഒഴിവുവന്ന 11 തസ്തികയിലേക്ക് പാർട്ട്ടൈം സ്വീപ്പർമാരെ നിയമിച്ചതും, പ്രസ്തുത താല്ക്കാലിക പ്രമോഷനുകൾ റദ്ദു ചെയ്യുവാൻ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകുകയുണ്ടായി. ഇതിനെതിരെ ജീവനക്കാർ നൽകിയ ഒ.പി.-കൾ തള്ളിക്കൊണ്ട് ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു. ഇപ്രകാരം താല്ക്കാലിക പ്രമോഷനുകൾ നൽകിയതു വഴി ശമ്പളയിനത്തിൽ സർക്കാരിന് 6,15,648 (ആറു ലക്ഷത്തി പതിനയ്യായിരത്തി ആറുനൂറ്റിനാല്പത്തിയെട്ട്) രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

(ബി) സ്പെഷ്യൽ റൂളിന് വിരുദ്ധമായി ലാസ്റ്റ് ഗ്രേഡ് സർവീസിൽ 2 വർഷത്തെ സേവന കാലാവധി ഒഴിവാക്കി കേവലം ഒരു മാസംപോലും ലാസ്റ്റ് ഗ്രേഡിൽ സർവീസില്ലാത്ത 11 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അറ്റൻഡർമാരായി പ്രമോട്ട് ചെയ്യുകയും തത്ഫലമായി ലാസ്റ്റ് ഗ്രേഡിൽ ഒഴിവുവന്ന 11 തസ്തികകളിലേക്ക് 11 പാർട്ട്ടൈം സ്വീപ്പർമാരെ പ്രമോട്ട് ചെയ്ത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയമനം നടത്തുകയും ഇവർക്ക് ശമ്പളം നൽകുകയും ചെയ്ത ഇനത്തിൽ 6,15,648 (ആറു ലക്ഷത്തി പതിനയ്യായിരത്തി ആറുനൂറ്റി നാല്പത്തിയെട്ട്) രൂപയുടെ അധികം ചെലവാകുകയും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ വിശദീകരണം വാങ്ങി മേൽ നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly